പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2930 15/12/2015 ൽ മറുപടിയ്ക്ക്

പാഠപുസ്തക അച്ചടി ടെൻഡർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.കെ ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ വർഷത്തെ പാഠപുസ്തക അച്ചടിയിൽ വ്യാപകമായി ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ & ബി | 2010-11 അദ്ധ്യയന വർഷം മുതൽ കെ.ബി.പി.എസ്-നെയാണ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അച്ചടി ഏൽപ്പിച്ചിരിക്കുന്നത്. 29/04/2015 ൽ ബഹു.വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31/05/2015 നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ് അറിയിച്ചതിനെ തുടർന്ന് സ.ഉ(കൈ) 174/15/ഉ.വി.വ തീയതി 15/05/2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ.പ്രസ്സുകൾ മുഖാന്തിരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നതവിദ്യാഭ്യാസ(എച്ച്) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (01.06.2015) ഗവ.പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സി-ആപ്റ്റ് മുഖേന 43 ലക്ഷത്തോളം പുസ്തകങ്ങൾ പുറം കരാർ വഴി അച്ചടിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തെങ്കിലും ആയത് കാലതാമസവും അധിക സാമ്പത്തിക ബാദ്ധ്യതയും വരുത്തുമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, കെ.ബി.പി.എസ് സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവ.പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20 നകം അച്ചടി പൂർത്തികരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ(സാധാ) നം.2507/15/പൊവിവ തീയതി 23.06.2015 പ്രകാരം കെ.ബി.പി.എസ് ന് അനുമതി ഉത്തരവ് നൽകുകയുണ്ടായി. |
| ബി) ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ആരെയാണ് ഏൽപ്പിരുന്നതെന്ന് വ്യക്തമാക്കുമോ; | | |

C-apt മുഖേന അച്ചടി നൽകിയതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ധനകാര്യ പരിശോധനാവിഭാഗം അന്വേഷണം നടത്തുകയും റിപ്പോർട്ടിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മേൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) പാഠപുസ്തകങ്ങൾ അച്ചടിക്കാനായി ടെൻഡർ ക്ഷണിച്ചിരുന്നത് എന്നാണ്; ഇതിനായി നിർദ്ദേശം നൽകിയത് ആരാണെന്നും എത്ര സ്ഥാപനങ്ങൾ പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) 1 മുതൽ 8 വരെ ക്ലാസ്സിലെ 43,39,700 പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ടെൻഡർ ക്ഷണിച്ചത് 06.06.2015 -ലാണ്. ടെൻഡറിൽ മൂന്നു സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ടെൻഡർ നടപടികൾക്ക് കാലതാമസമെടുക്കുമെന്നതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതും കണക്കിലെടുത്ത് ഇക്കാര്യത്തിൽ C-apt ന് നൽകിയ നിർദ്ദേശം റദ്ദാക്കുകയുണ്ടായി.

(ഡി) ടെൻഡർ നടപടിക്രമ പ്രകാരം ബാങ്ക് വഴി ഗ്യാരന്റി സമർപ്പിക്കാൻ 48 മണിക്കൂർ വേണമെന്നിരിക്കെ, മണിപ്പാൽ ടെക്ക്നോളജീസ് എന്നസ്ഥാപനം മാത്രം സമയപരിധിക്കുള്ളിൽ ടെൻഡർ നല്കിയതിനെക്കുറിച്ചും കുറഞ്ഞ തുകയ്ക്ക് ടെൻഡർ നൽകിയ മറ്റു രണ്ടു സ്ഥാപനങ്ങൾ ടെൻഡറിൽ നിന്നും പുറത്തായതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുമോ;

(ഡി) ഈ വിഷയത്തെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേലുള്ള നടപടി ശുപാർശ റിപ്പോർട്ടിന്മേൽ ഉന്നത വിദ്യാഭ്യാസ ([illegible]) വകുപ്പിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് സാങ്കേതിക സംവിധാനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പാഠപുസ്തക അച്ചടി സി-ആപ്റ്റിനെ ഏല്പിച്ചത് എന്തിനാണ്?

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ള സാങ്കേതിക സംവിധാനങ്ങൾ ഉണ്ടെന്ന് സി-ആപ്റ്റ് അറിയിച്ചിരുന്നു.

സെക്ഷൻ ഓഫീസർ